# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6627** 09.07.2014-ൽ മറുപടിക്ക്

**മണൽ ഇറക്കമതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ശശീന്ദ്രൻ :<br>ശ്രീ. തോമസ് ചാണ്ടി : | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അന്യ സംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ടുവരുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ എന്ന വ്യക്തമാക്കാമോ ; | (എ) 04/03/2014-ലെ സർക്കാർ ഉത്തരവ് സ.ഉ(സാ.ധാ)നം.31/2014/ഭവനം പ്രകാരം കേരളത്തിനു പുറത്തു നിന്നുള്ള മണൽ സംഭരിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇങ്ങനെ കൊണ്ടു വരുന്ന മണൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ വസ്തുക്കളുടെ ന്യായവില വിപണനകേന്ദ്രമായ കലവറകൾ വഴി പൊതു വിപണിയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ, സംഭരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിന് മറ്റു രാജ്യങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി നിർമ്മിതി കേന്ദ്രത്തിന് നൽകാനുദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ.